## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1776 17.03.2015 -ലെ മറുപടിയ്ക്ക്**

## സർക്കാർ ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ

ചോദ്യം
ശ്രീ. റ്റി. യു. കുരുവിള

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കൽപ്പിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് 100 ദിന കർമ്മപരിപാടി രൂപീകരിക്കുകയും അതിന്റെ ഭാഗമായി 2014 മെയ്-ജൂൺ മാസങ്ങളിൽ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ രണ്ട് ആഴ്ചയിൽ കൂടുതലായി തീർപ്പ് കൽപ്പിക്കാതെ ഇരിക്കുന്ന ഫയലുകൾ എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) | 1,41,143 ഫയലുകൾ |
| (സി) | ഫയലുകളും അപേക്ഷകളും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ഫയലുകളും അപേക്ഷകളും വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണം, ഇ-ഫയലിംഗ്, ഇ-ടെന്ററിംഗ്, ഐഡിയാസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | ഏറ്റവും കൂടുതലും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കുന്ന ജീവനക്കാർക്ക് പ്രത്യേക പാരിതോഷികം നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ